# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം(ബി പി)1791/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 12/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2. എ ഡി സി(ജനറൽ), എറണാകുളം

നമ്പർ: കെ.എസ്.എ-ഇ.കെ.എം(ബി പി)1791/23 തീയ്യതി: 12/12/2023

## എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സാംകുട്ടി റ്റി എൽ | ജോയിന്റ് ഡയറക്ടർ | 23-11-2023 | 28-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-11-2023 | 28-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

കുമാരി സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ
ശ്രീ പ്രസാദ് പി ജി , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സന്തോഷ്കുമാർ എം , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ എ അലി , ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പി എ എം ബഷീർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ അനുപം എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ധന്യ കെ ജനാർദ്ദനൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ അനൂപ് ജോർജ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 09-10-2022 |
| ശ്രീമതി സുമിയ സി വൈ | അസിസ്റ്റന്റ് എഞ്ചിനിയർ | 10-10-2022 | 09-02-2023 |
| ശ്രീ എൽദോസ് പോൾ | അസിസ്റ്റന്റ് എഞ്ചിനിയർ | 10-02-2023 | 31-03-2023 |
| ശ്രീമതി സിന്ധു വി പി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷീല പി വി | സി ഡി പി ഒ, കോതമംഗലം | 01-04-2022 | 31-03-2023 |
| ശ്രീ വാസുദേവൻ സി എൻ | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ റമീസ് പി മുഹമ്മദ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 06-12-2022 |
| ശ്രീമതി സിജി വർഗീസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 07-12-2022 | 31-03-2023 |
| ഡോ. മാത്യു എം ജോസഫ് | മെഡിക്കൽ ഓഫീസർ, സി എച്ച് സി, വാരപ്പെട്ടി | 01-04-2022 | 28-10-2022 |
| ഡോ.സുധാകർ ബി | മെഡിക്കൽ ഓഫീസർ, സി എച്ച് സി, വാരപ്പെട്ടി | 29-10-2022 | 31-03-2023 |
| ഡോ.ആശിഷ് ബി | മെഡിക്കൽ ഓഫീസർ, സി എച്ച് സി, പല്ലാരിമംഗലം | 01-04-2022 | 13-11-2022 |
| ഡോ. ഗ്രീഷ്മ റ്റി ജെ | മെഡിക്കൽ ഓഫീസർ, സി എച്ച് സി, പല്ലാരിമംഗലം | 14-11-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ബാങ്ക് അക്കൗണ്ടുകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. | 1-1-2 |
| 4 | റിഡംപ്ഷൻ തുക പൂർണ്ണമായും തിരിച്ചുകിട്ടിയില്ല. | 1-1-3 |
| 5 | രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | CFC Grant -ധനകാര്യപത്രികയും ACR മായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിശകലനം | 1-4 |
| 11 | പദ്ധതി അവലോകനം. | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പെൻഷനുകൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | ചെലവുരേഖയിലെ അപാകത | 1-11 |
| 18 | LIFE -ഭവന പദ്ധതി 89 ലക്ഷം രൂപ ചെലവഴിച്ചില്ല. | 1-12 |
| 19 | LIFE - PMAY ഭവന പദ്ധതി - ഗ്രാമ പഞ്ചായത്തിന് വിഹിതം നല്കൽ | 1-13 |
| 20 | LIFE -PMAY ഭവന പദ്ധതി ഭവന നിർമ്മാണം പൂർത്തികരിച്ചില്ല. | 1-14 |
| 21 | പല്ലാരിമംഗലം സി എച്ച് സി മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല. | 1-15 |
| 22 | സി എച്ച് സി വാരപ്പെട്ടിയിലേക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല. | 1-16 |
| 23 | ആദിവാസ മേഖലയിൽ തെങ്ങ് കൃഷി വികസനം- അപാകത | 1-17 |
| 24 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല, ചെലവ് ₹962500 തടസ്സപ്പെടുത്തുന്നു | 1-18 |
| 25 | നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രം - പദ്ധതി നിർവ്വഹണം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തു നടത്തുന്നു | 1-19 |

| | | |
|---|---|---|
| 26 | കാർഷിക ഗ്രൂപ്പുകൾക്ക് കുറ്റി കുരുമുളക് തൈ വിതരണം-അധിക തുക നൽകി | 1-20 |
| 27 | കാർഷിക ഗ്രൂപ്പുകൾക്ക് ഫലവൃക്ഷ തൈ വിതരണം-അപാകത | 1-21 |
| 28 | മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസ് -തുക യഥാസമയം ബ്ലോക്ക് പഞ്ചായത്തിലേക്ക് അടവാക്കുന്നില്ല. | 1-22 |
| 29 | കോട്ടപ്പടി ഗ്രാമപഞ്ചായത്ത്-വടാശ്ശേരി സ്റ്റേഡിയം- പൊളിച്ചുമാറ്റിയ കരിങ്കല്ലിന്റെ വിനിയോഗ വിവരം ലഭ്യമല്ല | 1-23 |
| 30 | പ്രവൃത്തി വൈകിയതിന് ചട്ടപ്രകാരമുള്ള പിഴ ഈടാക്കിയില്ല | 1-24 |
| 31 | വിവിധ കുടിവെള്ള പദ്ധതികൾ പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കാർഷിക ഗ്രൂപ്പുകൾക്ക് കുറ്റി കുരുമുളക് തൈ വിതരണം-അധിക തുക നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്- സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 15.06.2023 ലെ കമ്മിറ്റി തീരുമാനം 1/1 പ്രകാരം തയ്യാറാക്കി 19.06.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:കാക്കനാട്

തീയതി:12.12.2023

ജോയിന്റ് ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക പത്രികയിൽ ഉൾപ്പെടുത്തേണ്ടതായ പത്രികകളായ റേഷ്യോസ്, കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ബാങ്ക് അക്കൗണ്ടുകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

സീറോ ബാലൻസായി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

### 1-1-3 റിഡംപ്ഷൻ തുക പൂർണ്ണമായും തിരിച്ചുകിട്ടിയില്ല.

മുൻ വർഷം റിഡംപ്ഷൻ തുകയായി പിൻവലിച്ച ₹61,73,099/- പൂർണ്ണമായും തിരിച്ചുകിട്ടിയില്ല.

### 1-1-4 രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

ബാലൻസ് ഷീറ്റിലെ B18-Loans, Advances And Deposits ഷെഡ്യൂളിൽ ലോൺ ഇനങ്ങളിൽ നൽകിയിട്ടുള്ള തുകകൾ, കൂടാതെ സെക്യൂർഡ് ലോൺ എന്നീ ഇനങ്ങളെ സാധൂകരിക്കുന്ന വിവരങ്ങൾ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

### 1-1-5 CFC Grant -ധനകാര്യപത്രികയും ACR മായി പൊരുത്തപ്പെടുന്നില്ല.

CFC Grant -ധനകാര്യപത്രികയും ACR മായി പൊരുത്തപ്പെടുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വാർഷിക ധനകാര്യ പത്രികയിലെ തുക | ACR തുക | വ്യത്യാസം |
|---|---|---|---|
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ₹1,23,59,556 | ₹1,19,43,645 | ₹4,15,911 |

### 1-1-6 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹11,07,059/-യാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹3,59,367/-യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ഭരണസമിതിയുടെ 17.3.2022 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ആയത് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹463936 |
| വരവ് | ₹498192550 |
| ആകെ | ₹498656486 |
| ചെലവ് | ₹497967628 |

| | |
|---|---|
| നീക്കിയിരിപ്പ് | ₹688858 |

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 2,79,79,094.81 |
| വരവ് | ₹ 112078037.00 |
| ആകെ | ₹ 140057131.00 |
| ചെലവ് | ₹ 113185096.00 |
| നീക്കിയിരിപ്പ് | ₹ 26872035.81 |

1-4 ഫണ്ട് വിശകലനം

| ഗ്രാന്റ് ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | ലാപ്സായ തുക (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 52578000 | 52578000 | 43823567 | 0 | 6824433 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 14486000 | 14486000 | 13345627 | 0 | 1140373 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 4678000 | 4678000 | 4136080 | 0 | 541920 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ജനറൽ-ടൈഡ്) | 0 | 4182507 | 4182507 | 1397431 | 0 | 2785076 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) - ബാങ്ക് | 9378596 | 12249000 | 21627596 | 10962125 | 10665471* | - |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( അൺ ടൈഡ് ) ബാങ്ക് | 2115176 +226421 (പലിശ) | 8166000+ 767656 (പലിശ)= 8933656 | 11275253 | 7331849 | 3943404 | 00 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 560419 | 560419 | 530262 | 0 | 30157 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | 0 | 13213000 | 13213000 | 3780360 | 0 | 9432640 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| 320100108 ട്രൈബൽ കോർപ്പസ് ഫണ്ട് | 5382887 | 99285 | 5482172 | 2936296 | 2545876 | - |
| 320100115 ടോട്ടൽ സാനിട്ടേഷൻ | 898459 | 17110 | 915569 | 625989 | 289580 | - |
| 320700203 Contributions From Grama Panchayat For Joint Venture Projects | 8646763 | 2963934 | 11610697 | 2710506 | 8900191 | - |
| ജോയിന്റ് വെഞ്ച്വർ (ഗ്രാമപഞ്ചായത്ത് വിഹിതം) | 0 | 331946 | 0 | 331946 | 0 | 331946 |

*ധനകാര്യകമ്മീഷൻ ഗ്രാന്റ് - വാർഷിക ധനകാര്യപത്രികയിലെ തുകകൾ ACR മായി പൊരുത്തപ്പെടുന്നില്ല. കണക്കുകൾ കൃത്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 189 | 176680727 | 117 | 91783289 | 18 | 54 | 61.9% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല.

## 1-7 ക്ഷേമ പെൻഷനുകൾ

ബാധകമല്ല.

## 1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24/11/2023 ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഒന്നുമില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്. പദ്ധതി ഫയലുകൾ തൃപ്തികരമായി സൂക്ഷിച്ചിട്ടുണ്ട്. എങ്കിലും താഴെ പറയുന്ന കാര്യങ്ങളിലേക്ക് കൂടി അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. വാടകയുടെ ഡിമാൻഡ് കളക്ഷൻ ബാലൻസ് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽപ്പെട്ട സ്ഥാപനങ്ങളായ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കുള്ള പദ്ധതിച്ചെലവുകളും ഇതര ചെലവുകളും ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് നടത്തുന്നതായി കാണുന്നു. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളും സമാന പദ്ധതികൾ നടപ്പാക്കുന്നതിനാൽ ചെലവിലെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
6. മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നില്ല. മാത്രമല്ല വിവിവ പ്രവൃത്തികൾക്കുള്ള എഗ്രിമെന്റുകളിലും അക്രഡിറ്റഡ് ഏജൻസികളുമായുള്ള എഗ്രിമെന്റുകളിലും പൂർത്തികരണ തീയതി ചേർക്കുന്നില്ല.
7. ഭവന നിർമ്മാണപ്രോജക്റ്റുകളിൽ ഗ്രാമ പഞ്ചയാത്തിൽ നിന്നും ലഭിച്ച തുകകൾ യഥാസമയം വിനിയോഗം ചെയ്തിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.09.2022 മുതൽ 12.10.2022 വരെ | 2021-22 | 06.03.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.01.2016 മുതൽ 27.01.2016 വരെ | 01.02.2015 മുതൽ 31.12.2015 വരെ | 18.02.2016 |

1-11 ചെലവുരേഖയിലെ അപാകത

പ്രോജക്ടിന്റെ നം 182/23പ്രകാരം ₹2,05,613 കേരളോൽസവത്തിനായി ചെലവഴിച്ചെങ്കിലും ചെലവുരേഖയിൽ ചെലവ് തുക ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ഏത് ഫണ്ടാണ് വിനിയോഗം ചെയ്തത് എന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് (നം2 തി26.11.23) മറുപടി ലഭ്യമാക്കിയില്ല. ചെലവുരേഖയിൽ ചെലവ് തുക പൂർണ്ണമായും രേഖപ്പെടുത്തേണ്ടതാണ്.

1-12 LIFE -ഭവന പദ്ധതി 89 ലക്ഷം രൂപ ചെലവഴിച്ചില്ല.

ഭവന പദ്ധതിയ്ക്കായി (IAY, LIFE – PMAY ) വിവിധ ഗ്രാമപഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച ₹8900191 ചെലവഴിക്കാതെ ബാങ്ക് അക്കൌണ്ടിൽ (Bank Account No.4789) നിലനില്ക്കുന്നുണ്ട്. ഇപ്രകാരം ഭവന പദ്ധതിയ്ക്കായി ലഭിച്ച തുക (വികസന ഫണ്ട്) ചെലവു ചെയ്യാതിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, വിവിധ ഗ്രാമപഞ്ചായത്തിൽ നിന്നും ഈയിനത്തിൽ ആകെ ലഭിച്ച തുക /വർഷം /ചെലവഴിച്ച തുക, തുടർ നടപടി വിവരം തുടങ്ങിയ വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4,തീ.26.11.2023) മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്റ്റ് മുഖാന്തരം ചെലവുചെയ്ത തുക വിനിയോഗം ചെയ്തില്ലെങ്കിൽ സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കുകയോ അല്ലെങ്കിൽ ഫണ്ട് വിനിയോഗം ചെയ്യുന്നതിന് അനുമതി വാങ്ങുകയോ ചെയ്യേണ്ടതാണ്.

1-13 LIFE - PMAY ഭവന പദ്ധതി - ഗ്രാമ പഞ്ചായത്തിന് വിഹിതം നല്കൽ

കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ LIFE - PMAY ഭവന പദ്ധതി- ഗ്രാമ

പഞ്ചായത്തിന് വിഹിതം നല്കൽ പ്രകാരം 3 പ്രോജക്റ്റുകളിലായി ₹1,88,25,388/- ചെലവഴിച്ചിട്ടുണ്ട്. തുക വിനിയോഗം ചെയ്തു എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കളുടെ ലിസ്റ്റും പ്രസ്തുത ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ടോ എന്ന സാക്ഷ്യപത്രവും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ചെലവു തുകകളെ സാധൂകരിക്കുന്ന പൂർണ്ണമായ വിവരങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

1-14 LIFE -PMAY ഭവന പദ്ധതി ഭവന നിർമ്മാണം പൂർത്തികരിച്ചില്ല.

കോതമംഗലം ബ്ലോക്ക്പഞ്ചായത്ത് നടപ്പാക്കിയ LIFE - PMAY ഭവന പദ്ധതി പ്രകാരം 53 ഗുണഭോക്താക്കളാണ് ഭവന നിർമ്മാണം ആരംഭിച്ചത്. അവരിൽ 13 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തികരിച്ചിട്ടില്ലാത്തതായി രജിസ്റ്റർ മുഖാന്തരം കാണുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം | ഗുണഭോക്താക്കളുടെ പേര് | ചെലവഴിച്ച തുക (₹) |
|---|---|---|
| 1 | ലിജ ശിവദാസ് | 376000 |
| 2 | വേലായുധൻ | 376000 |
| 3 | മായ | 376000 |
| 4 | കുഞ്ഞുമോൻ ദേവസി | 376000 |
| 5 | അമ്മിണി കുട്ടപ്പൻ | 376000 |
| 6 | വി എസ് സുരേഷ് | 308000 |
| 7 | ശ്രീജ | 306000 |
| 8 | രാജേഷ് എം പി | 376000 |
| 9 | ഉഷ സജി | 328000 |
| 10 | സുഭാഷ് | 372609 |
| 11 | ജാനു കേശവൻ | 376000 |
| 12 | ഷൈല എൽദോസ് | 302000 |
| 13 | ലിസി ബേബി,മണികണ്ഠച്ചാൽ | 160000 |

ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തികരിക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. (ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം5 തി.26.11.23) മറുപടിയായി തുടർ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നുവെന്ന് അറിയിച്ചു.

1-15 പല്ലാരിമംഗലം സി എച്ച് സി മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്റ്റ് നം | 32/23, പല്ലാരിമംഗലം സി എച്ച് സി മരുന്ന് വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി എച്ച് സി) ,<br>പല്ലാരിമംഗലം |
| അടങ്കൽ | ₹300000/-, മെയിന്റനൻസ് ഫണ്ട് (റോഡിതരം) |

| | |
|---|---|
| ചെലവ് - | ₹300000/- |
| ബിൽ നം | 87/13-9-22, ₹14938/-<br>110/3-10-23, ₹150000/-<br>130/29-10-23, ₹14993<br>253/20-1-23, ₹52680/-<br>262/31-3-23, ₹18958/-<br>347/28-2-23, ₹48431/- |

മേൽ പ്രൊജക്ട് പ്രകാരം പ്രൊഫോർമ ഇൻവോയ്സ് PRF1200/30.8.2022 അനുസരിച്ചുള്ള മരുന്ന് ലഭ്യമാക്കുന്നതിന് ₹150000/-കെ.എം.എസ്.സി.എൽ –ന് നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെ കെ.എം.എസ്.സി.എല്ലിൽ നിന്നും ₹123588/-യുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. ആകെ ചെലവ് തുകയായ ₹300000/-യിൽ ബാക്കി ₹150000/-ത്തുള്ള മരുന്നുകൾ സിവിൽ സപ്ലൈസ്,നീതി സ്റ്റോർ എന്നിവിടങ്ങളിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുള്ളതും അവ ലഭ്യമായിട്ടുള്ളതുമാണ്. ബാക്കിയുള്ള ₹26412/-യുടെ മരുന്നുകൾ ലഭ്യമാകാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 27-11-23ലെ എൻക്വയറി നം 33- ന് മറുപടി ലഭിച്ചില്ല. മരുന്നുകൾ ലഭ്യമാക്കി വിശദാംശങ്ങൾ സഹിതം അറിയിക്കുന്നത് വരെ ₹26412/- തടസ്സപ്പെടുത്തുന്നു.

1-16 സി എച്ച് സി വാരപ്പെട്ടിയിലേക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നം | 35/23, സി എച്ച് സി വാരപ്പെട്ടിയിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി എച്ച് സി) , വാരപ്പെട്ടി |
| അടങ്കൽ | ₹300000/-, മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് - | ₹299880/- |
| ബിൽ നം | 121/20-1-2022,₹ 231460/-<br>234/7-1-23,₹ 60805/-<br>325/23-2-2023,₹ 7615/- |

മേൽ പ്രൊജക്റ്റ് പ്രകാരം പ്രൊഫോർമ ഇൻവോയ്സ് PRF1068/22.8.2022 അനുസരിച്ചുള്ള മരുന്ന് ലഭ്യമാക്കുന്നതിന് ₹157042/- കെ.എം.എസ്.സി.എൽ – ന് നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെ കെ.എം.എസ്.സി.എലിൽ നിന്നും ₹139295/-യുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. ആകെ ചെലവ് തുകയായ ₹299880/-യിൽ ₹142838/-യുള്ള മരുന്നുകൾ മറ്റ് സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുള്ളതും അവ ലഭ്യമായിട്ടുള്ളതുമാണ്. ബാക്കിയുള്ള ₹17747/-യുടെ മരുന്നുകൾ ലഭ്യമാകാത്തതിന് വിശദീകരണം നൽകേണ്ടതാണ് നൽകിയ 27-11-23ലെ എൻക്വയറി നം 9- ന് മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണ് എന്നറിയിച്ചു. മരുന്നുകൾ ലഭ്യമാക്കി വിശദാംശങ്ങൾ സഹിതം അറിയിക്കുന്നത് വരെ ₹17747/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 ആദിവാസ മേഖലയിൽ തെങ്ങ് കൃഷി വികസനം- അപാകത

പ്രോജക്ട് നം 208/23 -ആദിവാസ മേഖലയിൽ തെങ്ങ് കൃഷി വികസനം(അടങ്കൽ-180000/-ടി എസ് പി ഫണ്ട്, ചെലവ്-180000/-ടി എസ് പി ഫണ്ട്,) എന്ന പ്രോജക്ട് പ്രകാരം ആദിവാസ മേഖലയിലെ 67 വ്യക്തികൾക്ക് തെങ്ങിൻ തൈകൾ വിതരണം ചെയ്തതായി കാണുന്നു. പദ്ധതി മാർഗ്ഗനിർദേശങ്ങൾ പ്രകാരം ഗ്രൂപ്പ് അടിസ്ഥാനത്തിൽ കൃഷിചെയ്യുന്ന കാർഷിക ഗ്രൂപ്പുകൾക്ക് മാത്രമാണ് ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതികളിലൂടെ ഫലവൃക്ഷ തൈകൾക്കുള്ള സബ്സിഡി നൽകേണ്ടത്. സബ്സിഡി മാർഗ്ഗരേഖ 6-1-5 വ്യക്തിഗത ഗുണഭോക്താക്കൾക്കാണ് തൈകൾ വിതരണം ചെയ്തിരിക്കുന്നു. എന്നത് കൊണ്ട്, ഈ നിബന്ധന പാലിച്ചതായി കാണുന്നില്ല. കുട്ടമ്പുഴ പഞ്ചായത്തിലെ പന്തപ്ര ആദിവാസിമേഖലയിലുള്ളവരെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയിൽ കോളനിനിവാസികളുടെ കാർഷികഗ്രൂപ്പുകൾ ഉണ്ടാക്കുന്നതിന് പലവട്ടം ശ്രമിച്ചിട്ടും കഴിയാതിരുന്നതുമൂലമാണ് എല്ലാ കുടുംബങ്ങൾക്കും പ്രയോജനം ലഭിക്കുന്ന വിധം തൈകൾ വിതരണം ചെയ്തിട്ടുള്ളത് എന്ന് 26-11-23ലെ ഓഡിറ്റ് എൻക്വയറി നം 1 നുള്ള മറുപടിയിൽ അറിയിച്ചു. തുടർ വർഷങ്ങളിലെ പദ്ധതി നടത്തിപ്പിൽ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്ന എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-18 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല, ചെലവ് ₹962500 തടസ്സപ്പെടുത്തുന്ന

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത്, തേരാകോളനി സൌരോർജ്ജ പാനൽ- ജില്ലാപഞ്ചായത്തിന് വിഹിതം നല്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | 1)190/23 |
| അടങ്കൽ തുക / ഫണ്ട് | 1)₹962500 വികസന ഫണ്ട് (TSP) |
| ചെലവഴിച്ച തുക | ₹962500 ബിൽ നം 298 തി. 15.2.2023 |

കോതമംഗലം ബ്ലോക്ക്പഞ്ചായത്ത്, കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ- തേരാകോളനി സൌരോർജ്ജ പാനൽ സ്ഥാപിക്കുന്നതിനായി ജില്ലാപഞ്ചായത്തിന് വിഹിതം നല്കിയ ₹962500 യുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹962500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്കു (നം.3,തീ.26.11.2023) മറുപടിയായി ജില്ലാപഞ്ചായത്തിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല എന്നും, ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് വിധേയമാക്കി തടസ്സം

ഒഴിവാക്കേണ്ടതാണ്.

## 1-19 നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രം - പദ്ധതി നിർവ്വഹണം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തു നടത്തുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് – വകുപ്പ് 172, പട്ടിക 4-ബി (X) ബ്ലോക്ക് പഞ്ചായത്തിനുള്ളിൽ എല്ലാത്തരം ചികിത്സ സമ്പ്രദായങ്ങളിലുമുള്ള സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ നടത്തുക എന്നതാണ് ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ഉൾപ്പെട്ടിട്ടുള്ളത്. കേരള സർക്കാരിന്റെ Www.dhs.kerala.gov.in എന്ന ഔദ്യോഗിക വെബ്സൈറ്റിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ലിസ്റ്റിൽ എറണാകുളം ജില്ലയിലെ നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പേര് ക്രമ നമ്പർ 275 -ആയി രേഖപ്പെടുത്തിയിട്ടുണ്ട്. പട്ടിക 3 -XII പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തുകൾക്കാണ്. നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതല കവളങ്ങാട് ഗ്രാമപഞ്ചായത്തിനായിരിക്കെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മെഡിക്കൽ ഓഫീസർ, നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിന് (Family Health Centre) വിവിധ പദ്ധതികൾക്കായി തുകകൾ അനുവദിച്ചു നൽകിയിട്ടുണ്ട്.

നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിന് വേണ്ടി കോതമംഗലം ബ്ലോക്ക് പഞ്ചായത്തും കവളങ്ങാട് ഗ്രാമ പഞ്ചായത്തും സമാന പദ്ധതികൾക്കായി തുകകൾ ചെലവഴിക്കുന്നത് ഇരട്ടിപ്പിന് കാരണമാകാം. 2022-23 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രം നിർവ്വഹണ ഉദ്യോഗസ്ഥനായി കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ | പദ്ധതിയുടെ പേര് | ചെലവ് (₹) |
|---|---|---|---|
| 1 | 162/23 | നേര്യമംഗലം എഫ്.എച്ച്.സി സ്റ്റാഫ് നേഴ്സിന് വേതനം നൽകൽ | 82473 |
| 2 | 38/21-22 | നേര്യമംഗലം എഫ്.എച്ച്.സിയ്ക്ക് ദൈനംദിന ചെലവ് | 177403 |
| 3 | 30/23 | നേര്യമംഗലം എഫ്.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ | 283705 |
| 4 | 33/23 | സെക്കണ്ടറി പാലിയേറ്റീവ് പദ്ധതി | 140436 |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്-പട്ടിക 3 പ്രകാരം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തുകൾക്കായിരിക്കെ ഇത്തരത്തിൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന്റെ കാരണം പരിശോധിച്ച് അറിയിക്കേണ്ടതും കവളങ്ങാട് ഗ്രാമപഞ്ചായത്ത്, നേര്യമംഗലം എഫ്.എച്ച്.സി ക്കായി നടപ്പിലാക്കിയ പദ്ധതികളുടെ ലിസ്റ്റ് തയ്യാറാക്കി നൽകേണ്ടതും ചെലവുകളിൽ ഇരട്ടിപ്പ് ഉണ്ടായില്ല എന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതുമാണ്.

## 1-20 കാർഷിക ഗ്രൂപ്പുകൾക്ക് കുറ്റി കുരുമുളക് തൈ വിതരണം-അധിക തുക നൽകി

അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) നടപ്പിലാക്കിയ പ്രോജക്ട് നം 181/23 കാർഷിക ഗ്രൂപ്പുകൾക്ക് കുറ്റി കുരുമുളക് തൈ വാങ്ങി വിതരണം ചെയ്ത വകയിൽ കോതമംഗലം അഗ്രോ സർവീസ് സെന്ററിന് ₹4800/- അധികം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-21 കാർഷിക ഗ്രൂപ്പുകൾക്ക് ഫലവൃക്ഷ തൈ വിതരണം-അപാകത

അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) നടപ്പിലാക്കിയ പ്രോജക്ട് നം 148/23(അടങ്കൽ-₹423900/-വികസനഫണ്ട്-ജനറൽ,ഗുണഭോക്തൃവിഹിതം-₹225000/-,ചെലവ്-₹423900/- വികസനഫണ്ട്-ജനറൽ) കാർഷിക ഗ്രൂപ്പുകൾക്ക് ഫലവൃക്ഷ തൈ വിതരണം എന്ന പദ്ധതിയിലൂടെ 5 ഇനം ഫലവൃക്ഷ തൈകൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ രണ്ടു സ്ഥാപനങ്ങളാണ് ക്വോട്ട് ചെയ്തത്. ഇതിൽ പ്ലാവിൻ തൈയ്ക്ക് ₹136/-യും , പേരയ്ക്ക തൈയ്ക്ക് ₹97/-യും ക്വോട്ട് ചെയ്ത ചീരാക്കുഴി അഗ്രോ ഡവലപ്പേഴ്സ് എന്ന് സ്ഥാപനത്തിന് കരാർ നൽകാതെ ഈ തൈകൾക്ക് യഥാക്രമം ₹160യും ₹110യും ക്വോട്ട് ചെയ്ത നാഷണൽ റോസ് ഗാർഡൻ എന്ന സ്ഥാപനത്തിന്, ഈ സ്ഥാപനം കുറഞ്ഞ നിരക്കിൽ ക്വോട്ട് ചെയ്ത മൂന്ന് ഇനം തൈകൾ ഉൾപ്പെടെ 5 ഇനം ഫലവൃക്ഷ തൈകളും വിതരണം ചെയ്യുന്നതിന് കരാർ നൽകിയതായി കാണുന്നു. 26-11-23ലെ ഓഡിറ്റ് എൻക്വയറി നം 1 നുള്ള മറുപടിയിൽ അഞ്ച് ഇനമുള്ള ഒരു യൂണിറ്റ് തൈകൾക്ക് ചീരാക്കുഴി അഗ്രോ ഡവലപ്പേഴ്സ് ₹831/-യും

നാഷണൽ റോസ് ഗാർഡന് ₹765/-യുമാണ് ക്വോട്ട് ചെയ്തത് എന്നും ആയതിനാൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത നാഷണൽ റോസ് ഗാർഡന്റെ ടെണ്ടർ അംഗീകരിക്കുയാണ് ഉണ്ടായത് എന്നും അറിയിച്ചു. വിവിധ ഇനം തൈകളോ സാധനങ്ങളോ വാങ്ങുമ്പോൾ എറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനങ്ങൾക്ക് പ്രത്യേകം കരാർ നൽകുന്നത് മൂലം ചെലവ് കുറയ്ക്കാവുന്നതാണ്. ഫലവൃക്ഷ തൈകളുടെ കൃത്യമായ വിതരണ വിവരം ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-22 മരാമത്തു പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസ് -തുക യഥാസമയം ബ്ലോക്ക് പഞ്ചായത്തിലേക്ക് അടവാക്കുന്നില്ല.

കോതമംഗലം ബ്ലോക്ക് പഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നടത്തുന്ന മരാമത്തു പ്രവൃത്തികളുടെ ടെണ്ടർ ഫീസായി ലഭിക്കുന്ന തുക ക്രെഡിറ്റ് ചെയ്യുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ കോതമംഗലം ശാഖയിൽ ഒരു കറന്റ് അക്കൗണ്ട് (അക്കൗണ്ട് നം. 67234699527) ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക സമയബന്ധിതമായി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കാത്തതായി കണ്ടു. 20.09.2022 ൽ ₹53,470/-അടവാക്കിയതൊഴിച്ചാൽ പിന്നീട് ലഭിച്ച തുകയൊന്നും അടവാക്കിയിട്ടില്ല. ഈ അക്കൗണ്ടിലെ 2023 മാർച്ചിലെ നീക്കിയിരിപ്പ് ₹1,39,567/-ആണ്. ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം നിലവിൽ ₹3,12,472/-നീക്കിയിരിപ്പുണ്ട്. ഇ-ടെണ്ടർ ഫീസ് ലഭിക്കുന്നത് കറന്റ് അക്കൗണ്ടിലായതിനാൽ ഇതിൽ സൂക്ഷിക്കുന്ന പണത്തിന് പലിശ ലഭിക്കാത്ത സാഹചര്യമുണ്ട്.

ടെണ്ടർ ഫീസായി അക്കൗണ്ടിൽ വരുന്ന തുകയിൽ മിനിമം ബാലൻസ് നിലനിർത്തി ബാക്കി തുക യഥാസമയം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 കോട്ടപ്പടി ഗ്രാമപഞ്ചായത്ത്-വടാശ്ശേരി സ്റ്റേഡിയം- പൊളിച്ചുമാറ്റിയ കരിങ്കല്ലിന്റെ വിനിയോഗ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | S0214/23, കോട്ടപ്പടി ഗ്രാമപഞ്ചായത്ത്-വടാശ്ശേരി സ്റ്റേഡിയം. |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ. ബിജുമോൻ പി.എ |
| കരാർ ഉടമ്പടി നം., | 42/AE/LSGD/KLM/22-23 തീയതി.09.12.2021. |
| എം ബുക്ക്, ആകെ പ്രവൃത്തി മൂല്യം. | 91/21-22 പ്രവൃത്തിമൂല്യം-₹4,40,531/-+ 18 % GST=₹5,19,827/- |
| ചെലവ് വിവരം | ₹5,00,000/-(ബിൽ നം 321/15.03.2023)<br>₹ 19,827/(പ്രോജക്റ്റ് നം 214/23 മുഖേന ചെലവഴിച്ചു) |

കോട്ടപ്പടി ഗ്രാമപഞ്ചായത്തിലെ വടാശ്ശേരി സ്കൂൾ സ്റ്റേഡിയം നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി Stone Rubble Masonry പൊളിച്ചുമാറ്റിയിരുന്നു. അളവുപുസ്തകം പേജ് നം 12 പ്രകാരം 7.76 എം3 റബിൾ ലഭിച്ചത് സ്റ്റേഡിയത്തിലെ താഴ്ന്ന സ്ഥലം നികത്താൻ ഉപയോഗിച്ചുവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അപ്രകാരം ഫില്ലിംഗ് നടത്തിയതായി കാണുന്നില്ല. ഈയിനത്തിന് 2039.54/എം3 എന്ന നിരക്കിൽ 7.76 എം3 ന് ₹ 15,826/-+ 18% ജി.എസ്.റ്റി .ചെലവ് വന്നിട്ടുള്ളതാണ്. പൊളിച്ചുമാറ്റിയ കരിങ്കല്ലിന്റെ വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 10/27.11.2023) മറുപടി ലഭ്യമാക്കിയില്ല. പൊളിച്ചുമാറ്റിയ കരിങ്കല്ലിന്റെ വിനിയോഗ വിവരം അറിയിക്കേണ്ടതാണ്.

## 1-24 പ്രവൃത്തി വൈകിയതിന് ചട്ടപ്രകാരമുള്ള പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് ₹1000, കൂടിയത് ₹50000) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് ₹2000, കൂടിയത് ₹100000) പിഴയായി ഈടാക്കേണ്ടതാണ്.

സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനുമായി ആശയവിനിമയം നടത്തുകയോ, ചെയ്തിട്ടില്ല. താഴെ ചേർത്തിട്ടുള്ള പ്രവൃത്തിയിൽ കരാറുകാരന് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

| 11/23, കവളങ്ങാട് ഗ്രാമപഞ്ചായത്ത് വാർഡ് 4-തേങ്കോട് അള്ളുങ്കൽ റോഡ് റീടാറിംഗ് | |
|---|---|
| അടങ്കൽ | ₹5,50,000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | ₹7,74,709/-(28 /19.01.2023)} |
| PAC | ₹4,61,386/- |
| കരാറുകാരൻ | എൻ.എ കരീം |
| എഗ്രിമെന്റ് നം: | 44/AE/LSGD /KLM/2021-22, തീയതി.16.12.2021 |
| അളവ് പുസ്തകം നം. | 279/21-22 |
| പൂർത്തീകരണ കാലാവധി | 15.09.2022 (9 മാസം) |
| പൂർത്തീകരിച്ച തിയതി | 27.02.2023 |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കേണ്ടിയിരുന്നത് | ₹13,842/- (3% Of PAC) |
| ആകെ ഈടാക്കേണ്ട തുക | ₹13,842/- |

പ്രവൃത്തി വൈകിയതിന് പ്രത്യേകിച്ച് കാരണമൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ പുതുക്കിയ നിരക്കിലുള്ള ജി.എസ്.ടി നൽകേണ്ടിവന്നിട്ടുണ്ട്. (നിലവിലുണ്ടായിരുന്ന 12 % നു പകരം 18 % ജി.എസ്.റ്റി ആണ് കരാറുകാരന് അനുവദിച്ചിട്ടുള്ളത്. സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ 12% നികുതി നല്കുന്നതിനാണ് ഫണ്ട് വകയിരുത്തിയിരുന്നതെങ്കിലും ഫൈനൽ ബില്ലിൽ 18 % ജി.എസ്.റ്റി നൽകിയിട്ടുണ്ട്.
പ്രവൃത്തി വൈകിയതിന് ചട്ടപ്രകാരമുള്ള പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 12/27.11.2023) മറുപടി ലഭ്യമാക്കിയില്ല. പരിശോധിച്ച് ചട്ടപ്രകാരമുള്ള പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-25 വിവിധ കുടിവെള്ള പദ്ധതികൾ പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന വിവിധ പഞ്ചായത്തുകളിൽ ധാരാളം കുടിവെള്ളപ്രവൃത്തികൾ പ്രവർത്തിച്ചുവരുന്നു. ഇവയുടെ വിപുലീകരണം, പൂർത്തീകരണം , പൈപ്പ് ലൈൻ നീട്ടൽ, പമ്പ്സെറ്റ്/ വാട്ടർടാങ്ക് സ്ഥാപിക്കൽ എന്നിങ്ങനെ ധാരാളം പ്രോജക്റ്റുകളാണ് ഏറ്റെടുത്തിട്ടുള്ളത്. 2022-23 വർഷം നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത് പരിധിയിൽ മാത്രം നടപ്പിലാക്കിയ വിവിധ കുടിവെള്ള പദ്ധതികളുടെ ചെലവു വിവരങ്ങളാണ് ചുവടെ ചേർക്കുന്നത്. ഒരേ കുടിവെള്ള പദ്ധതികൾക്കായി ഒന്നിലധികം പ്രോജക്റ്റുകളാണ് നടപ്പാക്കിയിട്ടുള്ളത്.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | അടങ്കൽ(₹), ഫണ്ടിനം | 2022-23 ലെ ചെലവ് (₹) | കരാറുകാരൻ | ബിൽ നം, തീയതി |
|---|---|---|---|---|---|
| 1 | S00005/23-നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത്-ഒലിപ്പാറ കുടിവെള്ള പദ്ധതി പൂർത്തീകരണം(S0097/22). | 23,00,000/- (സി.എഫ്.സി.ഗ്രാന്റ്) | 16,94,097/- | കെ പി മുഹമ്മദ് | 105/28.09.22 |

| | | | | | |
|---|---|---|---|---|---|
| 2 | S0156/23-നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത്-ഒലിപ്പാറ കുടിവെള്ള പദ്ധതി പൂർത്തീകരണം. | 7,00,000 (സി.എഫ്.സി.ഗ്രാന്റ്) | 5,34,732 | ഷിജി ജോർജ്ജ് | 449/27.03.23 |
| 3 | S00006/23-നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത്-ഇളമ്പ്ര സ്വതന്ത്ര കുടിവെള്ള പദ്ധതി പൂർത്തീകരണം.(S0098/22) | 20,50,000 (സി.എഫ്.സി.ഗ്രാന്റ്) | 13,88,869 | ബിജുമോൻ പി.എ | 226/04.01.23 |
| 4 | S0153/23-നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത്-ഇളമ്പ്ര സ്വതന്ത്ര കുടിവെള്ള പദ്ധതി പൂർത്തീകരണം. | 6,00,000 (സി.എഫ്.സി.ഗ്രാന്റ്) | 2,68,550 | വിനീഷ് എച്ച് .മോഹനൻ | 444/27.03.23 |
| 5 | S0154/23-നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത്-ഇരമല്ലൂർ കുടിവെള്ള പദ്ധതി പൂർത്തീകരണം. | 6,00,000 (സി.എഫ്.സി.ഗ്രാന്റ്) | 3,39,242 | ബിജുമോൻ പി.എ | 451/27.03.23 |
| 6 | S00025/23-നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത്-ഇരമല്ലൂർ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ.(S0242/22) | 20,00,000 (സി.എഫ്.സി.ഗ്രാന്റ്) | 10,04,629 | ബിജുമോൻ പി.എ | 137/03.11.22 |
| 7 | 66/23-നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത്-കക്ഷായി കുടിവെള്ള പദ്ധതി പൂർത്തീകരണം.S0157/22) | 10,33,099 (സി.എഫ്.സി.ഗ്രാന്റ്) | 8,25,833 | ബിജുമോൻ പി.എ | ചെക്ക് നം.5374409/04.06.22 |
| 8 | 155/23-നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത്-കക്ഷായി കുടിവെള്ള പദ്ധതി പൂർത്തീകരണം. | 2,50,000 (സി.എഫ്.സി.ഗ്രാന്റ്) | 2,40,219 | വിനീഷ് എച്ച് .മോഹനൻ | 250/16.01.23 |

സ്ഥലപരിശോധനയിൽ എല്ലാ കുടിവെള്ള പദ്ധതികളും നിലവിലിണ്ടായിരുന്നവയും ജനങ്ങൾക്ക് ഉപകാരപ്രദവുമാണെന്ന് കണ്ടു. ഇവയുടെ കാലാകാലാങ്ങളിലുള്ള നവീകരണം അത്യാവശ്യമാണെങ്കിലും പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിൽ കൃത്യമായ ആസൂത്രണമില്ലാത്തതായി കാണുന്നു. പൊതുവായി കാണുവാൻ കഴിഞ്ഞ അപാകതകൾ താഴെ ചേർക്കുന്നു.

1. ഒരേ പേരിൽ ഒന്നിലധികം പ്രോജക്ടുകൾ ഒരേ വർഷം തന്നെ നടപ്പാക്കുന്നത് ഒഴിവാക്കുവാൻ ഗുണഭോക്താക്കളുടെ ആവശ്യം മനസ്സിലാക്കി അവ പരിഹരിക്കുന്നതിന് ദീർഘ വീക്ഷണത്തോടെ ബഹു വർഷ പ്രോജക്ടായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കുടിവെള്ള പദ്ധതി വിപുലീകരണത്തിനായി പ്രോജക്ട് രൂപീകരിക്കുക, പിന്നീട് പൂർത്തീകരണം എന്ന പേരിൽ മറ്റൊരു പ്രോജക്ട് ഉണ്ടാക്കുക എന്ന രീതി തീർത്തും ഒഴിവാക്കേണ്ടതാണ്.

2. ഓരോ കുടിവെള്ള പദ്ധതിയുടേയും നിലവിലുള്ള ആസ്തി സംബന്ധിച്ച കൃത്യമായ വിവരശേഖരണം നടത്തേണ്ടതും (എത്ര ദൂരം പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്, പി.വി. സി വാട്ടർ ടാങ്കുകളുടെ എണ്ണം/ കോൺക്രീറ്റ് വാട്ടർ ടാങ്ക്, അവയുടെ കപ്പാസിറ്റി, പമ്പ്സെറ്റിന്റെ വിവരങ്ങൾ, കുടിവെള്ള സ്രോതസ്സിന്റെ വിവരം) അതിൽ എന്തൊക്കെ കൂട്ടിച്ചേർക്കലുകളാണ് ആവശ്യമായത് എന്നതിന്റെ അടിസ്ഥാനത്തിലാവണം പ്രോജക്ടുകൾ രൂപീകരിക്കേണ്ടത്. കൂടാതെ പൈപ്പ് ലൈൻ കടന്നു പോകുന്ന വഴികളുടെ ലൊക്കേഷൻ സ്കെച്ചും തയ്യാറാക്കേണ്ടതാണ്

3. എന്നാൽ നിലവിൽ എവിടെയൊക്കെ, എത്ര മീറ്റർ പൈപ്പ്ലൈൻ സ്ഥാപിച്ചു എന്നതിന്റെ യാതൊരു രേഖയും ഫയലിൽ കണ്ടില്ല.

4. അതാത് പഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ പെട്ട സ്ഥലങ്ങളിലാണ് ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് നേരിട്ട് ചെലവഴിക്കുന്നത്. പഞ്ചായത്തിൽ നിന്നും നിരാക്ഷേപ പത്രവും, ആസ്തി രജിസ്റ്ററിന്റെ പകർപ്പും ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ ഇതേ ആവശ്യങ്ങൾക്ക് തുക ചെലവഴിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കപ്പെടുന്നില്ല. ആയതിനാൽ ചെലവുകളിൽ ഇരട്ടിപ്പ് വന്നിട്ടുണ്ടോയെന്നും അറിയാനാവില്ല.

അപാകതകളിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. അവ ആവർത്തിക്കാതെ പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കാർഷിക ഗ്രൂപ്പുകൾക്ക് കുറ്റി കുരുമുളക് തൈ വിതരണം-അധിക തുക നൽകി

| | |
|---|---|
| പ്രോജക്റ്റ് നം | 181/23 കാർഷിക ഗ്രൂപ്പുകൾക്ക് കുറ്റി കുരുമുളക് തൈ വിതരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) |
| അടങ്കൽ | ₹258633/-വികസന ഫണ്ട് -ജനറൽ<br>₹225000/- ഗുണഭോക്തൃ വിഹിതം |
| ചെലവ് - | ₹258633/-വികസന ഫണ്ട് -ജനറൽ<br>ഗുണഭോക്തൃവിഹിതം-₹95367/- |
| ബിൽ നം | 304/16-2-23, ₹ 165033/-<br>304/16-2-23, ₹ 88800/-<br>309/17-2-23, ₹ 4800/-<br>ചെക്ക് നം.5374548/20.03.23-₹95367/- |

മേൽ പദ്ധതി പ്രകാരം കോതമംഗലം അഗ്രോ സർവീസ് സെന്ററിൽ നിന്ന് 3400 കുരുമുളക് തൈകൾ 66/- നിരക്കിൽ ആകെ ₹ 224400/-യും, നേര്യമംഗലം ജില്ലാ കൃഷി ഫാമിൽ നിന്ന് 1600കുരുമുളക് തൈകൾ ₹75/-നിരക്കിൽ ആകെ ₹120000/-യും വാങ്ങി വിതരണം ചെയ്തതായി കാണുന്നു. നേര്യമംഗലം ജില്ലാ കൃഷി ഫാമിൽ നിന്ന് കുരുമുളക് തൈകൾ എത്തിച്ചതിന് ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ കോതമംഗലം അഗ്രോ സർവീസ് സെന്ററിന് നൽകേണ്ട ₹4800/-യും ഉൾപ്പെടെ ആകെ കോതമംഗലം അഗ്രോ സർവീസ് സെന്ററിന് ₹229200/- (224400+4800)യാണ് നൽകേണ്ടിയിരുന്നത് എങ്കിലും വിവിധ ബില്ലുകളിലൂടെ ₹234000/- (165033+4800+64167) നൽകിയതായി കാണുന്നു. ₹4800/-രൂപ അധികമായി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 27-11-23ലെ എൻക്വയറി നം 7- ന് മറുപടി ലഭിച്ചില്ല. തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. അധികമായി നൽകിയ തുകയായ ₹4800/-യുടെ ചെലവ് നിരാകരിക്കുന്നു. നഷ്ടം വന്നിട്ടുള്ള ₹4800/-ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2022-23 | 1862000 | 72/23 PMAY ഭവന പദ്ധതി | 1862000 | |
| ജില്ലാപഞ്ചായത്ത് | | 490000 | 123/23 PMAY ഭവന പദ്ധതി(SCP) | 490000 | |
| ആകെ | | 2352000 | | 2352000 | |
| ഗ്രാമ പഞ്ചായത്ത് | 2022-23 | 840000 | 72/23 PMAY ഭവന പദ്ധതി | 840000 | |

| | | | | | |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | " | 420000 | 69/23 PMAY ഭവന പദ്ധതി | 420000 | |
| ഗ്രാമ പഞ്ചായത്ത് | " | 476000 | 70/23 PMAY ഭവന പദ്ധതി(SCP) | 476000 | |
| | | 1362000 | 123/23 PMAY ഭവന പദ്ധതി(SCP) | 1362000 | |
| ആകെ | | 3098000 | | 3098000 | |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം ഈയിനത്തിൽ ചെലവില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് തുക നൽകിയിട്ടില്ല.

## 4-5 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പലിശ ₹ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഐ.എ.വൈ. ഭവനപദ്ധതി | GO(MS) No. 90/13/LSGD തീ. 14/3/2013 | 1,14,00,000 | 56,88,530 | 4,918 | - | - | 56,93,448 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2000-01, 2001-02 | 20 | 2004-05 | 7.II.1.1 | പദ്ധതി നിർവ്വഹണ ചെലവ് – | അധികം ചെലവഴിച്ച ₹21136/- റവന്യൂ |

| | | | | | |
|---|---|---|---|---|---|
| | | | | അധികം ചെലവാക്കിയത് | റിക്കവറി നടപടികളിലൂടെ ഈടാക്കിയിട്ടുണ്ട്. എന്നാൽ പരാമർശം തീർപ്പാക്കി ഉത്തരവ് ലഭിച്ചിട്ടില്ല. |
| 2004-05 | 3-8 | 2007-08 | 3.45.1 | പണി പൂർത്തിയാകാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. | റവന്യൂ റിക്കവറി നടപടികളിലൂടെ ₹54026/- ഈടാക്കി. പലിശയിനത്തിൽ ഈടാക്കുവാനവശേഷിക്കുന്ന തുകയ്ക്ക് ഇളവ് നൽകാൻ സാധിക്കില്ലെന്ന് 07.09.2021 ൽ കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. |

4-9 ചാർജ്- സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹112078037.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹113185096.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹4800 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1006659 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നിരാകരിച്ച തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | ₹4800 | ശ്രീമതി സിന്ധു വി പി അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | ₹26412 | ഡോ.ആശിഷ് ബി മെഡിക്കൽ ഓഫീസർ (സി എച്ച് സി), പല്ലാരിമംഗലം |
| 1-16 | ₹17747 | ഡോ.സുധാകർ ബി മെഡിക്കൽ ഓഫീസർ (സി എച്ച് സി), വാരപ്പെട്ടി |
| 1-18 | ₹962500 | ശ്രീ അനുപം എസ്, സെക്രട്ടറി, കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് |
| ആകെ | ₹1006659 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും, ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ആശിഷ് ബി മെഡിക്കൽ ഓഫീസർ (സി എച്ച് സി) , പല്ലാരിമംഗലം | മെഡിക്കൽ ഓഫീസർ (സി എച്ച് സി) , പല്ലാരിമംഗലം | നടയിൽ കിഴക്കേതിൽ , ഫാക്ടറി വാർഡ്, പനയിൽ, ആലപ്പുഴ |
| ഡോ.സുധാകർ ബി മെഡിക്കൽ ഓഫീസർ (സി എച്ച് സി) , വാരപ്പെട്ടി | ഡോ.സുധാകർ ബി മെഡിക്കൽ ഓഫീസർ (സി എച്ച് സി) , വാരപ്പെട്ടി | നന്ദനം ഹൌസ് തൊടുപുഴ |
| ശ്രീ അനുപം എസ്, സെക്രട്ടറി | സെക്രട്ടറി കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | ശക്തി വിഹാർ,TC12/415, പട്ടം കര, പട്ടം, തിരുവനന്തപുരം |
| ശ്രീമതി സിന്ധു വി.പി,അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി, സിവിൽ സ്റ്റേഷൻ, എറണാകുളം | പാറത്തോട്ടത്തിൽ ഹൗസ്, ലെമൺ ഗ്രാസ് വില്ല, ടാഗോർ നഗർ, മൂവാറ്റുപുഴ, 686661 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 മുതൽ 2004-05 വരെ | എൽ.എഫ്.ഇ.(സി.1)2134/11 (അദാലത്ത് റപ്പോർട്ട്), 23-11-2011 |
| 2008-09 | കെ.എസ്.എ-ഇ.കെ.എം.(ബിപി)466/19 തീയതി 06.06.2019 |
| 2009-10 | കെ.എസ്.എ-ഇ.കെ.എം.(ബിപി)384/2018 തീയതി 06.04.2018 |
| 2013-14, 2014-15 | കെ.എസ്.എ.ഇ.കെ.എം(ബി.പി)1573/16, 4.10.16 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(ബി.പി)384/2018 തീയതി 06.04.2018 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(ബി.പി)27/19 തീയതി 23.03.2019 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(ബി.പി)290/19, 11.07.2019 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം(ബി.പി)110/2022 തീയതി 14.03.2022 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം(ബി.പി)365/2022 തീയതി 10.05.2022 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം(ബി.പി)1074/2022 തീയതി 12.07.2022 |
| 2021-22 | കെ.എസ്.എ.ഇ.കെ.എം(ബി.പി) |

.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 15-06-2023 and submitted on 19-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kothamangalam Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kothamangalam Block Panchayat for the year 2022-2023

Date: 12/12/2023

Joint Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Kothamangalam Block Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

4. Non inclution of Notes to Accounts in Financial statements and non disclosure of material facts.

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit. Ratios and Notes on Accounts.

2. All bank accounts shown in RP 40(b) Shedule have not produced for verification.
3. Redemption amount to be received in the previous year is mismatch with the amount received during the year .
4. Registers for Deposits, loan etc. are not maintained properly
5. Finance Commission Grant expenditure is mismatch with Appropriation Control Register.
6. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്